**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കുടുംബത്തിന്റെ ഏകവരുമാനദാതാവിന്റെ വിയോഗം - ശ്രീ.കുട്ടപ്പൻ.കെ.കെ, തടത്തിൽ വീട്, പൂഴിക്കോൽ.പി.ഒ, കടുത്തുരുത്തി, കോട്ടയം - ധനസഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ(സാധാ)നം.778/2021/പജപവവിവ തിരുവനന്തപുരം, തീയതി. 06/09/2021

---

പരാമർശം:- 1) സ.ഉ.(കൈ)നം.128/12/പജപവവിവ തീയതി 20/9/2012.

2) സ.ഉ.(കൈ)നം.85/18/പജപവവിവ തീയതി 22/11/2018.

3) കോട്ടയം, കടുത്തുരുത്തി, പൂഴിക്കോൽ.പി.ഒ, തടത്തിൽ വീട്ടിൽ ശ്രീ. കുട്ടപ്പൻ.കെ.കെ സമർപ്പിച്ച നിവേദനം.

4) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 27.07.2021-ലെ ഡെവ.ബി1-657/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം, കടുത്തുരുത്തി, പൂഴിക്കോൽ.പി.ഒ, തടത്തിൽ വീട്ടിൽ ശ്രീ. കുട്ടപ്പൻ.കെ.കെയുടെ ഭാര്യ ലിസ്സി 26.04.2018-ൽ മരണപ്പെട്ടുവെന്നും ധനസഹായം അനുവദിക്കണമെന്നും പരാമർശം (3) ലെ നിവേദനത്തിൽ ശ്രീ. കുട്ടപ്പൻ.കെ.കെ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം സർക്കാരിലേക്ക് അയച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബത്തിന്റെ ഏകവരുമാനദാതാവായിരുന്ന ഭാര്യയുടെ മരണത്തെത്തുടർന്ന് നിരാലംബനായ ശ്രീ. കുട്ടപ്പൻ.കെ.കെ.ക്ക് (തടത്തിൽ വീട്, പൂഴിക്കോൽ.പി.ഒ, കടുത്തുരുത്തി, കോട്ടയം) 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്ക് ആവശ്യമായ തുക "2225-01-282-96 ആരോഗ്യ സുരക്ഷാ പദ്ധതി " എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജുകുമാർ.ബി.റ്റി
അണ്ടർ സെക്രട്ടറി

ശ്രീ. കുട്ടപ്പൻ.കെ.കെ, തടത്തിൽ വീട്, പൂഴിക്കോൽ.പി.ഒ, കടുത്തുരുത്തി, കോട്ടയം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.(അപേക്ഷയും അനുബന്ധരേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.